# ‘ക്രിസ്തു നമ്മുടെ നായകൻ’

## കൊലൊസ്സ്യർ 1:18

“അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിന്നു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽനിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു.”

ഇന്ന് പല ഭവനങ്ങളിലും ക്രിസ്തു ഈ ഭവനത്തിന്റെ നായകൻ എന്നു എഴുതി പതിപ്പിച്ചിരിക്കുന്നത് നമുക്ക് കാണാൻ കഴിയും. എന്നാൽ വാസ്തവത്തിൽ ക്രിസ്തു ആ ഭവനത്തിന്റെ നായകനാണോ എന്നു ഒന്നു പരിശോധിച്ചു കഴിഞ്ഞാൽ നായകന്റെയും നടത്തിപ്പുകാരന്റെയും എല്ലാം ‘റോൾ’ വേറെ ആർക്കെങ്കിലുമൊക്കെ കൊടുത്ത് കഴിഞ്ഞ് വേണമെങ്കിൽ ഒരു സ്ഥാനം ചിലപ്പോൾ കൊടുത്താലായി ഇല്ലെങ്കിൽ അതും ഇന്നു കാണില്ല. ഇതു തന്നെയാണ് ഇന്നു നമ്മൾ ഓരോരുത്തരുടെയും അവസ്ഥ. നമ്മുടെ ജീവിതത്തിൽ ഇന്നു നമ്മുടെ കർത്താവിനു പ്രഥമ സ്ഥാനം കൊടുക്കേണ്ടയിടത്ത് മറ്റു പലതിനും നാം പ്രാധാന്യം കൽപ്പിക്കുന്നവരാണോ? എങ്കിൽ പൗലോസ് ശ്ലീഹാ നമ്മളെ കൊലൊസ്സ്യ ലേഖനത്തിലൂടെ ഓർമ്മിപ്പിക്കുകയാണ് അവൻ സഭ എന്ന ശരീരത്തിന്റെ തല ആകുന്നു എന്ന്.

ഒരു ശരീരത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഭാഗം ഏത് എന്നു ചോദിച്ചാൽ ഒരു പക്ഷെ നാം ആദ്യം പറയുക നമ്മുടെ ഹൃദയം എന്നായിരിക്കും. എന്നാൽ ഹൃദയത്തിനു പോലും പ്രവർത്തിക്കുവാനുള്ള സ്പന്ദനങ്ങളെ തിരിച്ചറിയുമാറാക്കുന്നത് നമ്മുടെ തലച്ചോറിൽ നിന്നുള്ള സന്ദേശങ്ങളാണെന്നു ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാമല്ലോ? അങ്ങനെയെങ്കിൽ ക്രിസ്തു നമ്മുടെ തലയായിരിക്കുന്നിടത്തോളം അവനു അതിനു തക്ക പ്രാധാന്യം കൊടുത്തില്ല എങ്കിൽ നമ്മുടെ ഹൃദയം ഉൾപ്പെടെ മറ്റു അവയവങ്ങൾക്ക് പ്രവർത്തിക്കാനുള്ള സന്ദേശങ്ങൾ ലഭിക്കാതെ വരികയും നമ്മൾ ദൈവ പാതയിൽ നിന്നു വഴിമാറി സഞ്ചരിക്കാൻ ഇട വരികയും ചെയ്യും.

മേൽ വായിച്ച വാക്യത്തിൽ നമ്മെ വ്യക്തമായി വരച്ചു കാണിക്കുന്നത് ക്രിസ്തു സഭയുടെ തലയാകുന്നു. അവൻ ജഢത്തിൽ അവതരിച്ച ദൈവമാണ്. അന്നും ഇന്നും എന്നും ജീവിക്കുന്ന ദൈവമാണവൻ. അവൻ സകലത്തിന്റെയും ഉടയവനാണ്. മരിച്ചവരിൽ നിന്ന് ആദ്യനായി ഉയിർത്തെഴുന്നേറ്റ് ജീവിച്ചവനാണവൻ. അവനു സകലത്തിന്മേലും അധികാരം ഉണ്ട്. അവൻ എന്തിലും, എങ്ങും, എല്ലാത്തിലും ഒന്നാമനാണ്.

ഈ ഭൂമിയിലേക്ക് അവതരിച്ച് നമ്മുടെ പാപങ്ങൾ വഹിച്ച് കുരിശ്ശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റവനായി ഇന്നും നമുക്കു വേണ്ടി ജീവിക്കുന്ന ക്രിസ്തു വാസ്തവമായി ദൈവം ജഡത്തിൽ അവതരിച്ചതാണെന്നതിനു ഒരു സംശയവും വേണ്ട. കാരണം നമ്മുടെ പാപങ്ങൾ വഹിക്കുവാനും അതു തന്റെ സ്വന്ത രക്തത്താൽ കഴുകി വെടിപ്പാക്കാൻ അധികാരം ഉള്ളവനും, ഒരേ സമയം ദൈവവും മനുഷ്യനും ആയിരുന്നു അവൻ.

അപ്പൊ.പ്ര 4:12ൽ ഇങ്ങനെ പറയുന്നു, 'മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല.'

വചനം നമ്മെ ഓർമ്മിപ്പിക്കുന്നു എല്ലാത്തിലും ഒന്നാമൻ ക്രിസ്തു ആണെന്ന്. അങ്ങനെയെങ്കിൽ നാം ഈ ക്രിസ്തുവിനു നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും എത്രമാത്രം പ്രഥമ സ്ഥാനം നൽകുന്നുണ്ട്? അവന്റെ ശരീരമാകുന്ന സഭയാകുന്ന നാം ഒരോരുത്തരുടെയും കടമ എന്നു പറയുന്നത് തന്നെ അവന്റെ പ്രതിരൂപമായി അവനെ ഈ ലോകത്തിനു മുൻപിൽ വരച്ചു കാട്ടുക എന്നതാണ്. ലോകം നമ്മെ കാണുമ്പോൾ നമ്മിൽ ക്രിസ്തുവിന്റെ ഭാവമായിരിക്കണം കാണപ്പെടേണ്ടത്. അവന്റെ മക്കൾ എന്നു അവകാശപ്പെടുന്ന നാമോരോരുത്തരും അവന്റെ വചനത്തിൻ പ്രതിയും അവന്റെ ശിക്ഷണത്തിലും നമ്മുടെ ജീവിതം മുമ്പോട്ടു കൊണ്ടുപോകാൻ ശ്രമിക്കണം. നമ്മുടെ ജീവിതത്തിൽ എന്തിനും ഏതിനും അധികാരമുള്ളതും ആ അധികാരത്താൽ നമ്മെ നേർവഴി നയിക്കാൻ കഴിവുള്ളതും ആയ ക്രിസ്തുവിനായിരിക്കണം നമ്മുടെ ജീവിതത്തിന്റെ കർത്തൃത്വം കൊടുക്കേണ്ടത്.

ഇവിടെ ഞാൻ 'എന്തു നല്ല സഖി യേശു'' എന്ന ആ മനോഹരമായ ഗാനം ആണ് ഓർത്തു പോകുന്നത്.

അങ്ങനെയെങ്കിൽ ഇന്നു തന്നെ, ഈ നിമിഷം തന്നെ നമുക്കു തീരുമാനിക്കാം ഈ നല്ല സഖിയായ യേശു തന്നെ എന്റെ ജീവിതത്തിന്റെ, എന്റെ വീടിന്റെ, എന്റെ കുടുംബത്തിന്റെ, അങ്ങനെ ഞാൻ ഇന്ന് എന്തായിരിക്കുന്നുവോ, ഏത് അവസ്ഥയിലായിരിക്കുന്നുവോ അതിന്റെയെല്ലാം ഉറവിടവും നായകനും നടത്തിപ്പുകാരനും എന്ന്.

പരാമർശം :

എഫെസ്യർ 1:20–23

"അങ്ങനെ അവൻ ക്രിസ്തുവിലും വ്യപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തു എല്ലാ വാഴ്ചെക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല

വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു."

ബ്രദർ ബിനു ബേബി ആലപ്പുഴ 008